**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6092** **20.11.2019-ൽ മറുപടിയ്ക്ക്**

**പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

**ചോദ്യം**

**ശ്രീ.ഒ. ആർ. കേളു**

**മറുപടി**

**എ.കെ.ബാലൻ**

**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | കേരളത്തിലെ ആകെ പട്ടികവർഗവിഭാഗം ജനസംഖ്യയിൽ എത്രശതമാനം പേർ വയനാട് ജില്ലയിൽ അധിവസിക്കുന്നുണ്ട്; | എ) | 2011-ലെ സെൻസസ് പ്രകാരം ആകെ പട്ടികവർഗ്ഗ വിഭാഗം ജനസംഖ്യയുടെ 31.24% പേർ വയനാട് ജില്ലയിൽ അധിവസിക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ ആകെ ജനസംഖ്യ 484839 ആണ്. |
| ബി) | പട്ടികവർഗ വികസന വകുപ്പിൻ കീഴിൽ കേരളത്തിലെ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കാമോ; | ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 16 പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br>1. ഡോ.എ.വി.എൻ.സി.ബി.എസ്.ഇ സ്കൂൾ, ഞാറനീലി<br>2. എം.ആർ.എസ്, കട്ടേല<br>3. എം.ആർ.എസ്, കുളത്തൂപ്പുഴ<br>4. എം.ആർ.എസ്, വടശ്ശേരിക്കര<br>5. എം.ആർ.എസ്, മൂന്നാർ<br>6. എം.ആർ.എസ്, ചാലക്കുടി<br>7. എം.ആർ.എസ്, മലമ്പുഴ<br>8. എം.ആർ.എസ്, അട്ടപ്പാടി<br>9. എം.ആർ.എസ്, നിലമ്പൂർ<br>10. എം.ആർ.എസ്, കണിയാമ്പറ്റ<br>11. എം.ആർ.എസ്, നല്ലൂർനാട്<br>12. എം.ആർ.എസ്, നൂൽപ്പുഴ<br>13. എം.ആർ.എസ്, കണ്ണൂർ<br>14. എം.ആർ.എസ്, കാസറഗോഡ് |

| | | | |
|---|---|---|---|
| | | | 15. ഐ.റ്റി.ഐ, നാടുകാണി (ഇടുക്കി)<br>16. ഐ.റ്റി.ഐ, കുട്ടമല (തിരുവനന്തപുരം |
| സി) | കേരളത്തിൽ ഏറ്റവും കൂടുതൽ പട്ടികവർഗ ജനസംഖ്യയുള്ള വയനാട് ജില്ലയിൽ വിദ്യാർത്ഥികളുടെ ഉപരിപഠന സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ പട്ടികവർഗ വികസന വകുപ്പിന് കീഴിൽ കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | സി) | വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന എം.ആർ.എസുകളിൽ 3 എം.ആർ.എസുകളിൽ ഹയർ സെക്കണ്ടറി കോഴ്സ് നിലവിലുണ്ട്. ഹയർസെക്കണ്ടറി കോഴ്സ് നിലവിലില്ലാത്ത തിരുനെല്ലി, പൂക്കോട് എന്നീ എം.ആർ.എസുകളുടെ കെട്ടിടം പണി പൂർത്തിയാകുന്ന മുറയ്ക്ക് ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിക്കുന്ന കാര്യം പിന്നീട് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ